# CHRISTOS MAR THOMA CHURCH

## KAKKANAD

LIGHTED TO LIGHTEN

CHRISTOS HERALD



# *He has Risen*

*"...just as Christ was raised from the dead by the glory of the Father, we too might walk in newness of life"*

**Romans 6:4**




Vol: 22 No:2 APRIL - MAY - JUNE 2021 For private circulation only

Near VSNL, Kakkanad P.O, Kochi - 682030
0484 2428 661 (Vicar Office/Res.) | +91 94463 28661 | +91 95629 72540
christoskakkanad@gmail.com | pjohnjohn2001@gmail.com | www.christosmarthoma.in



# Vicar's Message




കർത്താവിൽ പ്രിയരെ,

വീണ്ടും ഒരു ഉയിർപ്പുപെരുന്നാളിന്റെ സന്തോഷം പങ്കുവെക്കുവാൻ ഇടയാകുന്നതിനാൽ ദൈവത്തിനു മഹത്വം കരേറ്റുന്നു. യേശു ക്രിസ്തുവിന്റെ ഉയിർപ്പു പ്രത്യാശയുടെ അടിസ്ഥാനമാണ്. മരണത്തിനു അപ്പുറമായി ഉയിർപ്പിന്റെ പ്രത്യാശയിൽ ജീവിതത്തെ ഒരുക്കുക എന്നതായിരിക്കണം ഒരു വിശ്വാസിയുടെ ജീവിതത്തിന്റെ ആത്യന്തികമായ ലക്ഷ്യം. ക്രിസ്തു വിശ്വാസം എങ്ങനെ ഒരുവനെ പ്രത്യാശയിലേക്ക് നയിക്കുന്നുവെന്നു അപ്പോസ്തലനായ പൗലോസ് ഇവിടെ വ്യക്തമാക്കുന്നു. ഈ ജീവിതം മരണത്തോടുകൂടി അവസാനിക്കുന്നില്ല. മരണത്തിന്നപ്പുറം ഒരു ജീവിതം ഉണ്ടെന്നുള്ള ഉറപ്പ് ക്രിസ്തുവിന്റെ ഉയിർപ്പു ലോകത്തിനു നൽകിയിരിക്കുന്നു. ഈ പ്രത്യാശയിൽ നിലനിന്നുകൊണ്ട് മരണശക്തികളെ നേരിടുവാൻ നമുക്ക് കഴിയട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

നമ്മുടെ ഇടവക അതിന്റെ ദൗത്യ നിർവഹണത്തിൽ 24 വർഷം പിന്നിടുകയാണ്. പാലാരിവട്ടം ഷാരോൺ ഇടവകയുടെ ഒരു പ്രാർത്ഥനാകൂട്ടമായി ആരംഭിച്ച് ഇപ്പോൾ 400 ലധികം കുടുംബങ്ങൾ അംഗങ്ങളായിട്ടുള്ള എറണാകുളം സെന്ററിലെ ഒരു വലിയ ഇടവകയായി വളർന്നുകൊണ്ടിരിക്കുന്നു.

കേരളത്തിന്റെ IT മേഖലയായ ഈ സ്ഥലത്തു നമ്മുടെ ഇടവകയ്ക്ക് ഒരു നിർണായക സ്ഥാനം ഉണ്ടെന്നു മനസ്സിലാക്കി ഇടവകയുടെ പ്രേഷിത പ്രവർത്തനങ്ങളും കർമപദ്ധതികളും നന്നായി ആസൂത്രണം ചെയ്തു ക്രിസ്തീയ സാക്ഷ്യം നിലനിർത്തുവാൻ ജൂബിലി ആഘോഷിക്കുന്ന നമ്മുടെ ഇടവകയ്ക്ക് കഴിയട്ടെ എന്ന് പ്രാർത്ഥിക്കുകയും ആശംസിക്കുകയും ചെയ്യുന്നു.

കോവിഡിന്റെ പശ്ചാത്തലത്തിൽ കഴിഞ്ഞ ഒരു വർഷത്തിലധികമായി ദേവാലയത്തിൽ വന്നു ആരാധനയിൽ പങ്കുചേരുവാൻ കഴിയാത്ത ഒരു സാഹചര്യമായിരുന്നു നമുക്കുണ്ടായിരുന്നത്. എന്നാൽ ഇപ്പോൾ നിയന്ത്രണങ്ങളോട് ആരാധനയിൽ സംബന്ധിക്കുവാൻ കഴിയുന്നു എന്നതിൽ സന്തോഷം ഉണ്ട്. ഒരുമിച്ചു ആരാധനയിൽ പങ്കു ചേരുവാൻ ലഭിക്കുന്ന അവസരം വേണ്ടപോലെ പ്രയോജനപ്പെടുത്താൻ ശ്രദ്ധിക്കുമല്ലോ. ഈ കഴിഞ്ഞ നാളുകളിൽ ആരാധന

കളും ഇടവകയുടെ മറ്റു പരിപാടികളും മുടക്കം വരാതെ ക്രമീകൃതമായി നടത്തുവാൻ ഇടയായത് പുതുക്കി പണിത ദേവാലയത്തിന്റെ ആധുനിക സൗകര്യങ്ങളും, സമർപ്പിതരായ AV Team ന്റെ നേതൃത്ത്വവുമാണ്. ഈ പ്രിയപ്പെട്ടവരുടെ സേവനങ്ങളെ നന്ദിപൂർവം സ്മരിക്കുന്നു. മാർത്തോമ്മാ സഭയുടെ നല്ല ആരാധനാ സമൂഹമായി സഭയോടും സഭാനാഥനായ ക്രിസ്തുവി നോടും വിശ്വസ്തത പുലർത്തി, ബന്ധങ്ങളിൽ ദൈവ സ്നേഹം പങ്കുവെച്ചു ഈ പ്രദേശത്തു അനുഗ്രഹീതരായി ജീവിക്കുവാൻ ദൈവംതമ്പുരാൻ നമ്മെ എല്ലാവരെയും സഹായിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

കഴിഞ്ഞ 4 - വർഷം കാക്കനാട് ക്രിസ്റ്റോസ് ഇടവക കുടുംബത്തിന്റെ ഭാഗമായി തീരുന്നതിനും ഇടവകയ്ക്ക് ആവശ്യമായ നേതൃത്വം നൽകുന്നതിനും ലഭിച്ച അവസരങ്ങൾക്കായി ദൈവത്തിനു മഹത്വം കരേറ്റുന്നു. ഇടവകാംഗങ്ങളിൽ നിന്നും ലഭിച്ച സ്നേഹത്തിനും കരുതലിനും, സഹകരണത്തിനും നന്ദി അറിയിക്കുന്നു. ബഹുമാന്യരായ മാത്യു വർഗീസ് അച്ചൻ, ജോൺ ജോൺ അച്ചൻ, എബ്രഹാം തോമസ് അച്ചൻ, വറുഗീസ് എം ഈശോ അച്ചൻ എന്നിവരുടെ കരുതൽ വിലപ്പെട്ടതായിരുന്നു. പ്രിയപ്പെട്ട ജോൺ ഗീവർഗീസ് അച്ചന്റേയും കുടുംബത്തിന്റെയും കൂട്ടായ്മയും, സ്നേഹവും ഹൃദ്യമായിരുന്നു. കഴിഞ്ഞ 4 വർഷം എന്നോടൊപ്പം പ്രവർത്തിച്ച ഇടവക ചുമതലക്കാർ, കൈസ്ഥാന സമിതി അംഗങ്ങൾ, സംഘടനാചുമതലക്കാർ, ഇടവക ശുശ്രൂഷകർ, പ്രിയപ്പെട്ട അലക്സ്, ഓഫീസ് പ്രവർത്തകർ, സ്നേഹമുള്ള ഷെറി, ലീല ചേച്ചി, ദേവാലയ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ ശ്രീ. ജോൺ തോമസും, സഹപ്രവർത്തകരും ഇടവകയുടെ വാർത്ത പത്രികയായ 'ഹെറാൾഡ്' കൃത്യ സമയത്തു പുറത്തിറക്കുവാൻ നേതൃത്വം നല്കിയവരായ ശ്രീ. നൈനാൻ. കെ.ഈപ്പൻ, ശ്രീ. എ.പി.അലക്സാൻഡർ എന്നിവരോടുള്ള നന്ദി വാക്കുകൾക്കു അതീതമാണ്. സഭയുടെ ക്രമീകരണമനുസരിച്ചു 2021 മെയ് 1 മുതൽ തൃശ്ശൂർ എബനേസ്സർ ഇടവകയുടെ ചുമതലയിലോട്ടു പ്രവേശിക്കുന്നു. നിങ്ങളുടെ പ്രാർത്ഥനയിൽ ഞങ്ങളെയും ഓർക്കുമല്ലോ. ബഹുമാനപ്പെട്ട ജേക്കബ് വറുഗീസ് അച്ചനും, കുടുംബവും മെയ് 1 മുതൽ നമ്മുടെ ഇടവകയ്ക്ക് നേതൃത്വം നൽകുകയാണ്. പ്രിയപ്പെട്ട ജേക്കബ് വറുഗീസ് അച്ചന്റെ ശുശ്രൂഷകൾ കാക്കനാട് ക്രിസ്റ്റോസ് ഇടവകയ്ക്ക് അനുഗ്രഹപ്രദമായി തീരട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ഇടവകയിലേക്കു പ്രത്യേകം സ്വാഗതം ചെയ്യുന്നു.

'യഹോവ നിന്നെ അനുഗ്രഹിച്ചു കാക്കുമാറാകട്ടെ. യഹോവ തിരുമുഖം നിന്റെ മേൽ പ്രകാശിപ്പിച്ചു നിന്നോട് കൃപയുള്ളവനാകട്ടെ. യഹോവ തിരുമുഖം നിന്റെ മേൽ ഉയർത്തി നിനക്ക് സമാധാനം നൽകട്ടെ'. (സംഖ്യ 6: 24 - 26 )

ഈസ്റ്റർ ആശംസകളോടെ

കാക്കനാട്
31- 03 - 2021

പ്രാർത്ഥനയോടെ
നിങ്ങളുടെ **ജോണച്ചൻ**

## FOR SPECIAL ATTENTION

CHRISTOS MAR THOMA PARISH, Kakkanad
New bank account number:
**Christos Mar Thoma Church, AC. No.84530100005347**
**Bank of Baroda Kakkanad, IFS Code-BARB0VJTHRK.**
**Kindly note the IFSC code is a Zero and not the letter 'O'**
After making the payment, to effect the posting in your favour, please send the details (message/WhatsApp/email: christoskakkanad@gmail.com) of the amount, your name, prayer group or Family ID NUMBER, details of payment to each head (subscription/ offertory/wedding anniversary offertory/others) to the appended numbers.
Thomas Mathew: 8281086890/Kunju Mathews: 9895311623
Please transfer in NEFT mode so that the payee's name will appear in the bank statement

# From the **Editor's Desk**

**Alexander A.P**
Editor
+91 96339 78044

കർത്താവിൽ പ്രിയരേ,

കഴിഞ്ഞ ഒരു വർഷത്തിൽ അധികമായി Covid - 19 എന്ന മഹാമാരിയുടെ പിടിയിൽ അമർന്ന ലോക ജനത ഇതുവരെ ചിന്തിച്ചിട്ടുപോലും ഇല്ലാത്തതായ ഒരു ജീവിത ശൈലിയിലൂടെ കടന്നുപോകുവാൻ നിർബന്ധിക്കപ്പെട്ടിരിക്കുകയാണല്ലോ. അനേക വിലപ്പെട്ട ജീവനുകൾ നഷ്ടപ്പെട്ടു, യാത്രകൾ മിക്കവാറും ഇല്ലാതെയായി, ഒറ്റപ്പെടലിന്റെ അനുഭവത്തിൽ അനേകർ കഴിയുന്നു.

എന്നാൽ ഈ നഷ്ടങ്ങളുടെയും പ്രശ്നങ്ങളുടെയും മദ്ധ്യത്തിലും ഒരു വിശ്വാസിക്ക് ധൈര്യം പകരുന്നത് യേശു നമ്മോടൊപ്പം ഉണ്ടെന്നുള്ള ഉറപ്പാണ്. നമ്മുടെ കർത്താവു പറഞ്ഞു ( John 15 : 4 ) "എന്നിൽ വസിപ്പീൻ ഞാൻ നിങ്ങളിലും വസിക്കും". ക്രിസ്തുവിൽ വസിക്കുക എന്നുള്ളത് കേവലം ശരിയായ വിശ്വാസത്തിന്റെ അറിവോ ശരിയായ പെരുമാറ്റ രീതിയോ എന്നതിനേക്കാൾ ഉപരിയായി ക്രിസ്തുവുമായുള്ള വ്യക്തിപരമായ ബന്ധത്തിൽ നിന്നും ഉളവാക്കുന്ന ജീവിതാനുഭവമാണ്. ഈ ബന്ധം ശരിക്കും ജീവിതത്തിൽ അനുഭവിച്ചതായ അപ്പസ്തോലനായ പൗലോസ് ( Rom 8 : 35 - 39 ) ക്രിസ്തുവിന്റെ സ്നേഹത്തിൽ നിന്ന് നമ്മെ വേർപിരിക്കുവാൻ ഒരു ശക്തിക്കും സാദ്ധ്യമല്ല എന്ന് ഉറക്കെ പ്രഖ്യാപിക്കുന്നു.

സർവ്വശക്തനുമായുള്ള ഈ ബന്ധം ബലഹീനതയിൽ ബലപ്പെടുത്തും, ആത്മാവിനും ശരീരത്തിനും സൗഖ്യം നൽകും, പ്രതികൂലങ്ങളുടെ മദ്ധ്യത്തിൽ പ്രത്യാശയിൽ നിലനിർത്തി ജയോത്സവമായി നടത്തും. അങ്ങനെയുള്ളവർ

1. ഹൃദയവും, ശരീരവും ഈ ബന്ധത്തിനായി കാംഷിക്കും. (Psalm 63 : 1)
2. വിശ്വാസത്തിൽ യേശുവിനൊപ്പം യാത്ര ചെയ്യും.
3. പ്രാർത്ഥനയിലും, ദൈവ വചന ധ്യാനത്തിലും മുഴുകി യേശുവിന്റെ കൂട്ടായ്മയിൽ തുടരും.
4. പരിശുദ്ധാത്മ നടത്തിപ്പിനായി പൂർണമായി വിധേയപ്പെട്ടു ജീവിക്കും.
5. ജീവിതം കൊണ്ടും, വാക്കുകൾ കൊണ്ടും യേശുവിനെ സാക്ഷീകരിച്ചു അവന്റെ നാമത്തിനു മഹത്വം കാരേറ്റും.

ചുമതലകൾ ദൈവിക നിയോഗങ്ങളായി ഏറ്റെടുത്തു ഏറ്റവും ശ്രേഷ്ഠമായ രീതിയിൽ ഇടവകയ്ക്ക് കഴിഞ്ഞ 4 വർഷക്കാലം നേതൃത്വം നൽകിയ ബഹു. P. J. John അച്ചനെ ഓർത്തു ദൈവത്തെ സ്തുതിക്കുന്നു. പള്ളിയുടെ പുതുക്കിപ്പണി, കല്ലറ മോടിപിടിപ്പിക്കൽ, പ്രളയദുരത്തിലും കോവിഡ് കാലത്തും അല്ലാതെയുമുള്ള സമയങ്ങളിലും നടത്തിയ charity പ്രവർത്തനങ്ങൾ, എല്ലാം അനുഗ്രഹിക്കപ്പെട്ട വേലകൾ ആയിരുന്നു. Chain Prayer നമ്മുടെ ഇടവകയിൽ തുടങ്ങിയതും അച്ചന്റെ താൽപര്യത്തിൽ ആയിരുന്നുവല്ലോ. കഴിഞ്ഞ 4 വർഷക്കാലം 'Christos Herald' മുടക്കം കൂടാതെ അനുഗ്രഹകരമായി ഇറങ്ങുവാൻ അച്ഛനിൽ നിന്ന് ലഭിച്ച support - നും guidance - നും നന്ദി അറിയിക്കുന്നു. തുടർന്നും ദൈവം തമ്പുരാൻ വളരെ ഫലപ്രദമായി ഉപയോഗിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. എല്ലാ ഭാവുകങ്ങളും ആശംസിക്കുന്നു.

ഈ പ്രാവശ്യവും Christos Herald digital ആയി പ്രസിദ്ധീകരിക്കുവാൻ ഇടയാക്കിയ ദൈവത്തെ സ്തുതിക്കുന്നു. ബഹു. P. J. John അച്ചന്റേയും ബഹു. John Geevarghese അച്ചന്റേയും support - നും guidance - നും നന്ദി അറിയിക്കുന്നു. Editorial Board - ൽ നിന്നും, സംഘടനാ ഭാരവാഹികളിൽ നിന്നും ലഭിച്ച സഹകരണത്തിനുള്ള സന്തോഷം അറിയിക്കുന്നു. ഈ ലക്കവും ഭംഗിയായി design ചെയ്ത Gravity Creazione - നോടുള്ള പ്രത്യേക നന്ദിയും അറിയിക്കുന്നു.

തുടർന്നുള്ള നാളുകളിലും നാം ക്രിസ്തുവിലും ക്രിസ്തു നമ്മിലും വസിക്കുന്നു എന്നുള്ള ഉറപ്പോടെ പ്രത്യയശയിൽ ജീവിക്കുവാൻ ദൈവം തമ്പുരാൻ കൃപ തരട്ടെയെന്നു പ്രാർത്ഥിക്കുന്നു.

**Christos Herald Editorial Board:** Rev. P J John Achen, Rev. John Geevarghese Achen,
Mr. Alexander A P (Editor), Mr. Prasad Mathew (Secretary), Mr. T S Varghese, Ninan K Eapen, Mr.Joseph Kuruvilla



## Asst. Vicar's Message



# THE LIGHT IN DARKNESS

This is a beginning of a new yet uncertain financial year and the end of an unusual year, where many of us in our community, and around the world, have experienced hardships and upheavals that have caused us to re-evaluate our values, lifestyles and priorities. To me it is a reminder of the fragility of life, something which we have been reminded of in a hard way in 2020. Yet the starkness of this time of the year is tempered by the knowledge that we will spring up and with renewed spirit will once again adorn creation with hope in the midst of hopelessness. The light will once more shine brightly through and St John's Gospel begins by saying this beautifully: 'The light shines in the darkness, and the darkness did not overcome it'.



For a Christian, the light of faith has been so important this year, but that light has shown through in so many ways in our country; acts of kindness to strangers, reconnecting with neighbours, those on the frontline of fighting Covid-19, assuring people who lost their loved ones and so on. As we look towards a new financial year, the light of the Risen Christ is something that gives us hope that however dark the days seem the light will overcome it.

Malcolm Muggeridge, an English writer and long-time sceptic of religion, described his feeling when he entered the Church as "a sense of homecoming, of picking up the threads of a loose life, of responding to a bell that has long been ringing, of taking a place at a table that had long been vacant". This is the reflection of a Christian these days as they reflect on that joy tempered by the difficulties and fear of the Pandemic, that have also become part of our journey with greater gratitude to God for having given us the grace through His Church, as we slowly try to come back to Our Fellowship With God and our fellow beings, with our presence in the Worship on Sundays.

The season of Easter gives us all



the opportunity each year to renew our commitment whatever our spiritual journey has been. We do so when we reaffirm our belief expressed in the Creed, which we read so often. Easter encourages us to be patient. If we have faith in Christ crucified yet risen despite the cloudiness surrounding us in weather and circumstances they will not overwhelm us.

There is much in our world and culture today that make many worry, even despair. That is not the response of Easter people. It is in our power, with Christ's example and continuing presence in His Church and especially in the Holy Eucharist, to bring light and life into our own lives, and from

**AND THE LIGHT SHINES IN THE DARKNESS, AND THE DARKNESS DID NOT OVERCOME IT**

JOHN 1:5

us light and life to those whose lives touch ours.

As the letter to the Ephesians advises, "Be imitators of Christ...and live in love, as Christ loved us and gave Himself up for us, a fragrant offering and sacrifice to God". (Eph 5:2)

That is a challenging mission but possible with the help of God. As we embark on a new journey towards the Silver Jubilee Year of Our Church, Let us prepare ourselves for a Year where we Give from our bounty, to the people in need and as we imbibe on this journey, let the Spirit of God guide us in our decisions and deliberations towards being a true Witness of the Risen Lord to the World and be the 'Light in the Darkness'.

St. Mother Teresa of Calcutta once suggested that we be the sunshine of God's love for others. She wrote, "We wait impatiently for the paradise where God is, but we have it in our power to be in paradise with Him right now: being happy with Him means to love as He loves, to help as He helps, to give as He gives, to serve as He serves."

**Rev John Geevarghese**
Asst Vicar.



# തുറക്കപ്പെട്ട കല്ലറ

ഈ ദിവസങ്ങളിൽ നാം കർത്താവായ യേശുക്രിസ്തുവിന്റെ ക്രൂശീകരണവും, ഉയിർപ്പും, സ്വാർഗ്ഗാരോഹണവും ആഘോഷിക്കുകയാണല്ലോ. ക്രിസ്തീയ വിശ്വാസത്തിന്റെ അടിത്തറ മനുഷ്യന്റെ പാപപരിഹാരത്തിനുവേണ്ടി സ്വയം കാലവറിക്കുരിശിൽ ബലിയർപ്പിക്കപ്പെട്ട നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ മരണത്തെയും, അതിന്റെ വിഷമുള്ളായ പാപത്തെയും എന്നേക്കുമായി കീഴ്പ്പെടുത്തി നിത്യനായ രാജാധി രാജാവായി വാഴുന്നുവെന്നുള്ളതാണ്. അതിനാൽ ജീവന്റെ മേലും, മരണത്തിന്മേലും, സമ്പൂർണ അധികാരം നമ്മുടെ കർത്താവിന്നുള്ളതാണ്. മനുഷ്യന്റെ പാപപരിഹാരത്തിനായുള്ളതു മുഴുവൻ പഴയ നിയമ പ്രവചന പ്രകാരം കാൽവരിക്കുരിശിൽ നിർവഹിച്ചതിലൂടെ ദൈവത്തിന്റെ വലിയ രക്ഷണ്യ പ്രവർത്തി പൂർത്തിയാക്കി. അവസാന തുള്ളി രക്തവും ക്രൂശിൽ ചൊരിഞ്ഞ കർത്താവു ക്രൂശിൽ കിടന്നുകൊണ്ട് വിളംബരം ചെയ്തു, “It is finished എല്ലാം പൂർത്തിയായി”. മരണത്തിനു യേശുവിനെ പിടിച്ചുവെക്കുവാൻ സാദ്ധ്യമല്ലായിരുന്നു. നേരത്തെ പറഞ്ഞിരുന്നത് പോലെ മരണത്തെയും, പാപത്തെയും കീഴ്പ്പെടുത്തി മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റു.

ക്രിസ്തുവിന്റെ തുറക്കപ്പെട്ട കല്ലറ നമ്മെ ചില കാര്യങ്ങൾ ബോദ്ധ്യപ്പെടുത്തുന്നു .

1. രക്തത്താലുള്ള നീതീകരണം: (Roman 3:23-25) Vs. 3:25 - വിശ്വസിക്കുന്നവർക്ക് അവൻ തന്റെ രക്തം മൂലം പ്രായശ്ചിത്തമാകുവാൻ ദൈവം അവനെ പരസ്യമായി നിർത്തിയിരിക്കുന്നു. മാത്രവുമല്ല യോഹ 1 :12 ൽ വാഗ്ദത്തം ചെയ്തിരിക്കുന്നതുപോലെ 'ദൈവമക്കൾ' എന്ന ശ്രേഷ്ഠമായ പദവിക്ക് അർഹരാക്കുകയും ചെയ്തിരിക്കുന്നു.

പുനരുദ്ധാനത്തിന്റെ പ്രത്യാശ: (1 Thess 4 : 13 - 18 )

യേശുക്രിസ്തുവിന്റെ രണ്ടാം വരവിങ്കൽ തന്നിൽ വിശ്വസിച്ചു മരിച്ചവർ യേശുക്രിസ്തു ഉയിർത്തതു പോലെ ഉയിർക്കുകയും ജീവനോടിരിക്കുന്ന വിശ്വാസികൾ രൂപാന്തരം പ്രാപിച്ചു തേജസാത്കരിക്കപ്പെട്ട ശരീരത്തോടെ കർത്താവിനോടൊപ്പം എടുക്കപ്പെട്ടു എന്നേക്കും അവനോടൊപ്പമായിരിക്കും. ഏതൊരു വിശ്വാസിയെയും പ്രത്യാശയിൽ നിലനിർത്തുന്നത് ഈ സത്യമാണ്.


3 . ഉയിർപ്പിന്റെ സാക്ഷികൾ ആകുക: ( John 20 : 12, Acts 1 : 8 )

ഉയിർപ്പിന്റെ പ്രത്യാശയിൽ ജീവിക്കുന്ന ഓരോ വിശ്വാസിയും ഈ സ്വദർത്തമാനം മറ്റുള്ളവരോട് അറിയിപ്പാൻ നിയോഗിക്കപ്പെട്ടിരിക്കുന്നു. ക്രിസ്തുഭാവം പകർത്തിയ ജീവിതത്തിന്റെ സാക്ഷ്യങ്ങൾ മറ്റുള്ളവരെ സത്യത്തിലേക്കും, നിത്യ ജീവിതത്തിലേക്കും നയിക്കണമെന്നു ഓരോ വിശ്വാസിയെയും കുറിച്ച് യേശു നാഥൻ ആഗ്രഹിക്കുന്നു.


അപ്രകാരം ക്രിസ്തുവിന്റെ താഴ്മയും സ്നേഹവും ഉൾക്കൊണ്ട് അവനോടൊപ്പം നിത്യതയുടെ അനുഭവത്തിനു കൂട്ടവകാശികളായി മാറുമെന്നുള്ള പ്രത്യാശയുടെ ഉറപ്പോടെ നമ്മെ കാണുന്നവരെയും, കേൾക്കുന്നവരെയും, ക്രിസ്തുവിങ്കലേക്കു ആകർഷിക്കുവാൻ ഇടയാകേണ്ടതിനു നമ്മെത്തന്നെ ഒരു പ്രാവശ്യം കൂടെ പൂർണ്ണമായി സമർപ്പിക്കാം. ഇടവകാ മിഷന് ലഭിക്കുന്ന എല്ലാ പ്രോത്സാഹനങ്ങൾക്കും നന്ദി കരേറ്റുന്നു. ദൈവം തമ്പുരാൻ എല്ലാവരെയും അനുഗ്രഹിക്കട്ടെ.

**P . Kunjumathews**
Edavaka Mission Secretary

# Palm Sunday Service





# Family Prayer Meeting





**Sent-off meeting to Rev P.J John Achan & Kochamma by Sevika Sangham.**



VBS -2021-




LIVE STREAMING

**Live streaming Worship at 8 AM on all Sundays**
www.youtube.com/c/CMTCKakkanad
(Subscribe our *YouTube* channel and get the updates)

# MONTHLY SCHEDULE FOR THE WEEKLY MEETINGS OF THE CHRISTOS MAR THOMA CHURCH KAKKANAD

## PRAYER GROUP MEETINGS

**Monday, Tuesday, Wednesday of every week, of the month at 7.30pm**

| DAY | AREA |
|---|---|
| Monday | Alappat - NGO - Mavelipuram - Thrikkakara |
| Tuesday | Chittethukara -Kakkanad - Smart City |
| Wednesday | Chembumukku - Padamugal - Satellite - Vazhakkala |

## EDAVAKA MISSION MEETINGS

**7.30pm on the 1st and 3rd Thursday of the Month**

## SEVIKA SANGAM MEETING

**7.30pm on the 2nd and 4th Friday of the Month**

## YOUTH MEETINGS

**Junior Youth Fellowship (Youths as High School / College Students)**
4.00pm of the 1st and 3rd Sundays of every month

**Senior Youth Fellowship (Youths as Working and Married)**
4.00pm of the 2nd and 4th Sundays of every month

## YOUNG COUPLES FELLOWSHIP

7.30pm of the 4th Sunday of every Month

## SUNDAY SCHOOL

After Service, Sunday School General Session at 10.00am every Sunday

## HOLY COMMUNION SERVICE

Every Sunday at 8.00am

## CHRISTOS FAMILY PRAYER TIME

Every day at 7.30pm

## CHAIN PRAYER

6.00am to 6.00 pm of the 1st Tuesday of every month

## PAIN PALLIATIVE VISIT

Last week of every Month


## Sabha's Special Days | April -May- June

| | |
|---|---|
| 02-04-2021 | Good Friday |
| 04-04-2021 | Easter |
| 13-05-2021 | Ascension of Our Lord |
| 23-05-2021 | The Feast of Pentacost |
| 30-05-2021 | Trinity Sunday |
| 06-06-2021 | Student Sunday |
| 13-06-2021 | Environment Sunday |
| 16-06-2021 | Beginning of the Feast of the Apostles (Sleeha Nombu) |

## Baptism

**Gavin George Kolath**
S/o Mr. George David,
Purava Eternity.
D1801, Kakkanad
Area: Kakkanad

**Rufus Roggine Thomas**
S/o Mr. Roggine Mathew Thomas,
No. 11/855, Saji Villa,
Thanapadam
Area: Padamugal




## Address change

**Mr. Sam Mathew ( Reji)**
New Address: House No. 11/2385, Colony Cross Road, Nilampathinjamugal, Kakkanad. phone: 8606545927

## New Members



**Mr. Aby Thomas & Family**
9D Avista, Olive Kalista,
Edachira, Kakkanad.
Area: Smart City
Home Parish: Pariyaram St. Paul's Mar Thoma Church
Mob:9567372845





**Mr. Niff K Kurien & Family**
Seawood Anchor,
Chittettukara, Kakkanad
Area: Chittettukara
Home Parish: Abu Dhabi Marthoma Church
Mob: 9656852894




**Rev James M Koshy, Rev Binu P Thomas and Rev Akhilesh Zechariah from the EKM Centre @Kakkanad for the Sandya Namaskaaram**

# Obituary



**A.D John (85)**
Mavelipuram



**C.T. Abraham (83)**
Satelite




**George John (79)**
Padamugal


*Praying for Peace and comfort of the bereaved family*

# Marriage


*May the Lord's blessings guard and guide you all the way!*



**Jobin Jose & Merlin Riya Mathew**
Area: Vazhakkala




**Naiju Nelson & Diana Joseph**
Area: Kakkanad




**Jintu Mammen John & Bify Francis**
Area: Thrikkakara



**Lintu Mammen John & Mary treesa**
Area: Thrikkakara



**Ashiq Varghese & Niya Babu**
Area: Kakkanad



**Nishant Roy & Shalu Mary Alex**
Area: Padamugal



**John Prem & Pinky Ann Daniel**
Area: Vazhakkala





Our present Vicar, P J John Achen and family who will take new assignment from 01.05.2021



Our incoming Vicar, Rev. Jacob Varghese Achen and family who will take charge from 01.05.2021

**CHAIN PRAYER**

On all Monthly first Tuesdays from 6 AM to 6 PM
Contact Persons: Alexander A P (9633978044)
or P Kunju Mathews (9895311623)



Published by Prasad Mathew, Secretary, Christos Mar Thoma Church, Kakkanad.
Mob +91 94460 94932. Published at Kochi